പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2839 **28-10-2026-ൽ മറുപടിയ്ക്ക്**

താമരക്കുളം മാർക്കറ്റിന്റെ നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എസ്. അരുൺ കുമാർ ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) മാവേലിക്കര മണ്ഡലത്തിൽ കിഫ്ബി തുക വിനിയോഗിച്ച് തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർമ്മിക്കുന്ന താമരക്കുളം മാർക്കറ്റിന്റെ തൽസ്ഥിതി വിശദമാക്കുമോ;

മറുപടി: കിഫ്ബി ധനാനുമതി പ്രകാരം മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി 2.275 കോടി രൂപ അനുവദിച്ചിരുന്നു. നിലവിലെ കെട്ടിടം പൊളിച്ചുമാറ്റി പ്ലാൻ അംഗീകാരം പഞ്ചായത്തിൽ നിന്നും ലഭിച്ച മുറയ്ക്ക് 13.03.2024 ൽ സാങ്കേതികാനുമതി നൽകി. തുടർന്ന് കിഫ്ബിയുടെ പി.ഇ.ഡി, പാക്കേജ് ഫയൽ എന്നിവയുടെ അംഗീകാരം ലഭ്യമായ മുറയ്ക്ക് 24.03.2025 ൽ പ്രവൃത്തി ടെണ്ടർ ചെയ്തു. എന്നാൽ ടെണ്ടറിൽ ബിഡുകൾ ഒന്നും ലഭ്യമാകാത്തതിനെ തുടർന്ന് 08.04.2025 ൽ പ്രവൃത്തി റീടെണ്ടർ ചെയ്തു. ഇതിൽ ഒരാൾ പങ്കെടുക്കുകയും ടിയാന്റെ ടെണ്ടർ അംഗീകരിക്കുകയും 01.11.2025 ന് സെലക്ഷൻ നോട്ടീസ് നൽകുകയും 05.11.2025 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ സൈറ്റിൽ നിർമ്മാണ പ്രവൃത്തി തുടങ്ങുന്ന സമയത്ത് ഒരിക്കൽ അംഗീകാരം നൽകിയ പ്ലാനിൽ വീണ്ടും ചില മാറ്റങ്ങൾ പഞ്ചായത്ത് അധികൃതർ വരുത്തുകയുണ്ടായി. ആയതനുസരിച്ച് പുതുക്കിയ പ്ലാൻ അംഗീകാരത്തിനായി 25.05.2026 ൽ പഞ്ചായത്തിൽ സമർപ്പിച്ചെങ്കിലും നാളിതുവരെ അംഗീകാരം ലഭ്യമായിട്ടില്ല.

(ബി) ഈ നിർമ്മാണ പദ്ധതി നടപ്പിലാക്കുവാൻ തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ അവ തരണം ചെയ്ത് നിർമ്മാണം ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ; വിശദമാക്കാമോ?

മറുപടി: പഞ്ചായത്ത് അധികൃതർ പുതുക്കിയ പ്ലാൻ അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ